

# അക്ഷരായനം

ഗവ എച്ച് എസ് എസ് ഇളമ്പ



# മുഖമൊഴി

പഴയ വിദ്യാലയ അന്തരീക്ഷത്തിൽനിന്ന് മാറി അറിവിന്റെ നേർക്കാഴ്ചകളിലേക്ക് കുട്ടികളെ കൂട്ടിക്കൊണ്ടുപോകുന്ന ഹൈടെക് സംവിധാനങ്ങൾ.

വിവരസാങ്കേതികവിദ്യയുടെ കുതിപ്പിന് ഒപ്പം മാറ്റത്തെ ഹൃദയത്തിലേറ്റിയ അധ്യാപകർ. ഹൈടെക് ക്ലാസ് മുറികളിലെ ചുണക്കുട്ടന്മാരായ ലിറ്റിൽ കൈറ്റ്സ് ഭാഷാകമ്പ്യൂട്ടിംഗിലൂടെയും, പ്രോഗ്രാമിങ്, മൊബൈൽ ആപ്പ്, ഹാർഡ്‌വെയർ, റോബോട്ടിക്സ്, ഇലക്ട്രോണിക്സ് എന്നിവയിലൂടെയും പരിശീലനം സിദ്ധിച്ച കൊച്ചുമിടുക്കർ. രചനോത്സവങ്ങളിലൂടെ കൂട്ടുകാർ ഒരുക്കിയ അക്ഷര ചേരുവകൾ രുചിയേറിയ സാഹിത്യ വിഭവങ്ങൾ ആയപ്പോൾ. ലിറ്റിൽ കൈറ്റ്സിന്റെ സാങ്കേതിക തികവിൽ അവ ഡിജിറ്റലൈസേഷന്റെ പുത്തൻ രൂപങ്ങൾ കൈകൊണ്ട് മാഗസിനായി.ലിറ്റിൽ കൈറ്റ്സിലെ മിടുക്കർ സ്വപ്രയത്നത്താൽ തയ്യാറാക്കിയ അക്ഷരായനം വായനയ്ക്കായി നൽകുന്നു

ബീന സി പി


എച്ച് എം

ചീഫ് എഡിറ്റർ

## ഉള്ളടക്കം

മുഖമൊഴി....1
ഗാന്ധിജിയുടെ വചനങ്ങൾ....2
ഉരു....4
കുഞ്ഞുണ്ണി മാഷിന്റെ കവിതകൾ....5
Should Plastic be Banned....7
*Problems Caused by Plastic Bags*....8
*Non-Biodegradable*....8
*Deterioration of Environment*....8
*Harmful for Animals and Marine Creatures*....8
*Cause of Illness in Humans*....8
*Clogged Sewage*....9
*Reasons to Ban Plastic Bags*....9
*Public Support for Plastic Bag Ban*....9
*Keep a Tab*....10
*Seek Alternatives*....10
*Reuse*....10
*Spread Awareness*....10
*Conclusion*....10
ചതി....11

# ഗാന്ധിജിയുടെ വചനങ്ങൾ



- എന്റെ ജീവിതമാണ് എന്റെ സന്ദേശം.
- പാപത്തെ വെറുക്കുക പാപിയെ സ്നേഹിക്കുക.
- കണ്ണിന് കണ്ണ് എന്നാണെങ്കിൽ ലോകം അന്ധതയിലാണ്ടു പോകും.
- കഠിനമായ ദാരിദ്ര്യത്താൽ വിശക്കുന്നവന്റെ മുന്നിലേക്ക് ദൈവത്തിന് റൊട്ടിയായിട്ടേ പ്രത്യക്ഷപ്പെടനാവൂ.
- ഇന്നു ചെയ്യുന്ന പ്രവർത്തിയെ ആശ്രയിച്ചിരിക്കും നമ്മുടെ ഭാവി.
- സമാധാനത്തിലേക്ക് ഒരു പാതയില്ല. സമാധാനമാണ് പാത.
- നിങ്ങളുടെ വിശ്വാസങ്ങൾ നിങ്ങളുടെ ചിന്തകളാവുന്നു.ചിന്തകൾ വാക്കുകളും, വാക്കുകൾ പ്രവർത്തികളും, പ്രവർത്തികൾ മൂല്യങ്ങളുമാവുന്നു. നിങ്ങളുടെ മൂല്യങ്ങളാണ് നിങ്ങളുടെ വിധിയാവുന്നത്.
- സത്യം ദൈവമാണ്.
- ഒരു ശിശുവിന്റെ ശരീരത്തിലും, മനസ്സിലും, ആത്മാവിലും ഉള്ള ഏറ്റവും നല്ലതിനെ വികസിപ്പിക്കുന്നതാണ് വിദ്യാഭ്യാസം
- ലോകത്തിന്റെ വെളിച്ചമാണ് പുസ്തകങ്ങൾ
- കോപം അഗ്നി പോലെയാണ്, നാശം ഉണ്ടാക്കിയേ അത് അടങ്ങൂ.
- സത്യം വെറുമൊരു വാക്കല്ല. ജീവിതം മുഴുവൻ സത്യമാക്കി തീർക്കണം
- ഞാൻ ചോക്ലേറ്റുകളിൽ മരണത്തെ കാണുന്നു


# ഗുരു

തിരുവനന്തപുരത്തിനടുത്തുള്ള ചെമ്പഴന്തി ഗ്രാമത്തിലെ ഒരു കുട്ടിപള്ളിക്കൂടം. ചെമ്പഴന്തി മൂത്തപ്പിള്ളി ആശാനാണ് കുട്ടികൾക്ക് അറിവ് പകർന്നു നല്കിയിരുന്നത്. നിലത്ത് വിരിച്ച മണലിൽ ഇരുന്ന് കുട്ടികൾ എഴുത്തും വായനയും അഭ്യസിച്ചു. അവർ പത്തു പതിനഞ്ചുപേർ ഉണ്ടായിരുന്നു. ഒരോ കുട്ടികളുടേയും പ്രത്യേകതകൾ അറിഞ്ഞ് ആശാൻ അവർക്ക് വഴികാട്ടി. കുട്ടിപള്ളിക്കൂടത്തിലെ മിടുക്കനായ വിദ്യാർത്ഥിയായിരുന്നു നാരായണൻ. അവനെ കൂട്ടുകാർ സ്നേഹത്തോടെ നാണു എന്നു വിളിച്ചു. ഗുരുചൊല്ലിക്കൊടുത്ത പാഠങ്ങൾ നാണു അതിവേഗം പഠിച്ചു മനസ്സിലാക്കി. എത്ര ശ്രമിച്ചിട്ടും നാണുവിന്റെ അടുത്തെത്താൻ മറ്റു കുട്ടികൾക്കായിരുന്നില്ല. ഇങ്ങനെയായാൽ എന്തു ചെയ്യും ? എല്ലാവരേയും ഒരുമിച്ചു കൊണ്ടു പോകണമെന്നായിരുന്നു ആശാന്റെ ആഗ്രഹം. ഇവരെ ഒന്നിച്ചുകൊണ്ടുപോകാൻ പല വഴികളും ആലോചിച്ചു. ആശാനില്ലാത്ത അവസരങ്ങളിൽ നാണു സഹപാഠികളുടെ അടുത്തെത്തി അവൻ ഗ്രഹിച്ച പാഠങ്ങൾ സ്വന്തം രീതിയിൽ ചൊല്ലിപഠിപ്പിക്കാൻ തുടങ്ങി. അവർ പെട്ടെന്ന് മനസ്സിലാക്കി. ആശാന് സന്തോഷമായി. അദ്ദേഹം നാണുവിനെ പ്രോത്സാഹിപ്പിച്ചു. സാധാരണയായി പഠിപ്പിച്ചശേഷം ആശാൻ ചോദ്യങ്ങൾ ചോദിച്ച് കുട്ടികൾ ഉത്തരം പറഞ്ഞിരുന്നു. എന്നാൽ നാണു വന്നതിനുശേഷം ഈ രീതി മാറി. ഓരോന്ന് പഠിപ്പിച്ചു കഴിയുമ്പോഴേക്കും നാണു സംശയങ്ങൾ ചോദിക്കും. ആശാൻ മറുപടി പറയും. ഇതിലൂടേ അവൻ ചുരുങ്ങിയ സമയം കൊണ്ട് കൂടുതൽ കാര്യങ്ങൾ ഗ്രഹിച്ചു. ആശാൻ മറ്റുള്ളവരെ ശ്രദ്ധിക്കുമ്പോൾ അവൻ പുറത്തേക്കിറങ്ങും. ചുറ്റുപാട് വീക്ഷിക്കുകയും പഠിക്കുകയും ചെയ്യും. നാണുവിന്റെ ജിജ്ഞാസ വർദ്ധിച്ചുവന്നു. കുട്ടിപള്ളിക്കൂടത്തിലെ പഠിത്തമവസാനിപ്പിച്ച് അവൻ കൂട്ടുകാരോട് യാത്ര പറഞ്ഞിറങ്ങി.

ആ ബാലൻ വളർന്നു. എല്ലാപേരെയും സഹായിച്ചും പരിസ്ഥിതിയിൽനിന്നും പഠിച്ചും അവൻ വളർന്നു അറിവു നേടി. എല്ലാ മനുഷ്യരേയും ഒന്നായി കാണാൻ നാണു എന്ന ബാലൻ പഠിപ്പിച്ചു.....

# കുഞ്ഞുണ്ണി മാഷിന്റെ കവിതകൾ

രൂപപരമായ ഹ്രസ്വതയെ മുൻനിർത്തി ജപ്പാനിലെ ഹൈക്കു കവിതകളോട് കുഞ്ഞുണ്ണിക്കവിതകളെ സാദൃശ്യപ്പെടുത്താറുണ്ട്. കുഞ്ഞുണ്ണി കവിതകൾ ഓരോന്നും വെളിപാടാണ് ഭാഷയെ വഞ്ചിക്കാതെ വാക്കുകളെ ശ്വാസം മുട്ടിക്കാതെ തോറ്റിയെടുത്ത പ്രണവസ്വരൂപമാണ് കുഞ്ഞുണ്ണിയുടെ കാവ്യലോകം. കുട്ടികൾ വിടരുന്ന മൊട്ടുകളാണ്. കുട്ടികളുമായുള്ള ചങ്ങാത്തവും കുട്ടികളെപ്പോലുള്ള ചില ശീലങ്ങളും അദ്ദേഹത്തെ മലയാളികളുടെ പ്രിയങ്കരനായ കവിയാക്കി.



കുഞ്ഞുണ്ണിക്കൊരു മോഹം
എന്നും കുഞ്ഞായിട്ടു രമിക്കാൻ
കുഞ്ഞുങ്ങൾക്കു രസിച്ചീടുന്നൊരു
കവിയായിട്ടു മരിക്കാൻ

സത്യമേ ചൊല്ലാവൂ
ധർമ്മമേ ചെയ്യാവൂ
നല്ലതേ നൽകാവൂ
വേണ്ടതേ വാങ്ങാവൂ

ഒരു വളപ്പൊട്ടുണ്ടെൻ കയ്യിൽ

ഒരു മയിൽപ്പീലിയുണ്ടെന്നുള്ളിൽ

വിരസ നിമിഷങ്ങൾ സരസമാക്കു

വാനിവ ധാരാളമാണെനിക്കെന്നും.

ജീവിതം നല്ലതാണല്ലോ

മരണം ചീത്തയാകയാൽ

ഉടുത്ത മുണ്ടഴിച്ചിട്ടു

പുതച്ചങ്ങു കിടക്കുകിൽ

മരിച്ചങ്ങു കിടക്കുമ്പോ

ഴുള്ളതാം സുഖമുണ്ടിടാം.

പൂച്ച നല്ല പൂച്ച

വൃത്തിയുള്ള പൂച്ച

പാലു വച്ച പാത്രം

വൃത്തിയാക്കി വച്ചു

മഴ മേലോട്ട് പെയ്താലേ

വിണ്ണു മണ്ണുള്ളതായ് വരൂ

മണ്ണുള്ള ദിക്കിലുള്ളോർക്കേ

കണ്ണു കീഴോട്ടു കണ്ടിടൂ

# Should Plastic be Banned

Plastic bags are a major cause of environment pollution. Plastic as a substance is non-biodegradable and thus plastic bags remain in the environment for hundreds of years polluting it immensely. It has become very essential to ban plastic bags before they ruin our planet completely. Many countries around the globe have either put a ban on the plastic bag or Levi tax on it. However, the problem hasn't been solved completely because the implementation of these measures hasn't been as successful.



***Problems Caused by Plastic Bags***

Here are some of the problems caused by plastic bags:

***Non-Biodegradable***

Plastic bags are non-biodegradable. Thus, disposing of the plastics is the biggest challenge. T

***Deterioration of Environment***

They are destroying nature due to their harmful effect. Plastic bags have become the main cause of land pollution today. The plastic bags entering into the water bodies are a major cause of water pollution. Hence we can conclude that these are deteriorating our environment in every possible way.

***Harmful for Animals and Marine Creatures***

Animals and marine creatures unknowingly consume plastic particles along with their food. Research shows that waste plastic bags have been a major reason for untimely animal deaths.

***Cause of Illness in Humans***

The production of plastic bags releases toxic chemicals. These are the main cause of serious illness. The polluted environment is a major reason for various diseases which are spreading easily in human beings.

***Clogged Sewage***

Waste plastic bags are the main reason for trapping the drains and sewers, especially during rains. This can result in a flood-like situation and disrupt the normal life of people.

***Reasons to Ban Plastic Bags***

There are numerous reasons why the government of various countries has come up with strict measures to limit the use of plastic bags. Some of these include:

- Waste plastic bags are polluting the land and water immensely.

- Plastic bags have become a threat to the life of animals living on earth as well as in water.
- Chemicals released by waste plastic bags enter the soil and make it infertile.
- Plastic bags are having a negative impact on human health.
- Plastic bags lead to the drainage problem.

***Public Support for Plastic Bag Ban***

Although the Indian government has imposed a ban on the usage of plastic bags in many states. But people are still carrying these bags. Shopkeepers stop providing plastic bags for few days only in the beginning.

It is time when we all must contribute our bit to make this ban a success. Thus we the educated lot of society must take it as our responsibility to stop using plastic bags. In this way, we can support the government in this campaign.

Some contributions that can be made by people are as follows:

***Keep a Tab***

In order to be successful in this mission, we must keep reminding ourselves about the harmful effects of the plastic bags on our nature and keep a tab on their use. Gradually, we will become habitual to doing without these bags.

***Seek Alternatives***

There are many eco-friendly alternatives to plastic bags like reusable jute or cloth bag.

***Reuse***

We must reuse the plastic bags we already have at home as many times as we can before throwing them away.

***Spread Awareness***

While the government is spreading awareness about the harmful effects of plastic bags, we can also spread awareness through word of mouth.

***Conclusion***

Although plastic is becoming a big threat for all of us, still this problem has often been overlooked and underestimated. This is because people do not look at the long term effect of these small, easy to carry bags they use in their everyday life. Besides all of these people keep using bags due to their convenience. But now everyone has to completely stop using the plastic bag to save our environment and earth.



# ചതി

വിശാലമായ മണൽത്തരികൾക്കു മുകളിലൂടെ അവർ ഇരുവരും മെല്ലെ നടന്നു. തണുത്തകാറ്റിന്റെ തലോടൽ കൂടുതൽ നടക്കാനായി അവരെ പ്രേരിപ്പിച്ചു. അങ്ങ് ദൂരെ പടിഞ്ഞാറൻ ആകാശത്ത് സൂര്യൻ ചെഞ്ചോരവൃത്തത്തിൽ കാണപ്പെട്ടു. മെല്ലെ മെല്ലെ അസ്തമയസൂര്യന്റെ ചുവപ്പ് ആകാശത്തേക്കു പടരുകയും ഇരുട്ട് വ്യാപിക്കുകയും ചെയ്തു. "ഇനി നമുക്ക് പോകാം" അങ്ങകലേക്ക് മിഴിനട്ടിരിക്കുന്ന അവളോട് അവൻ പറഞ്ഞു. അവൻ നന്മയുടെ വെളുത്ത മുഖംമൂടി അണിഞ്ഞ ക്രൂരൻ. പേര് അക്ഷയ് രൂപത്തിലും പേരിലും സംസാരത്തിലുമെല്ലാം സത്സ്വഭാവി. എന്നാൽ അവന്റെ മനസിലെ ഇരുണ്ട ദുഷിപ്പിനെ മനസ്സിലാക്കാൻ അവൾക്ക് കഴിഞ്ഞിരുന്നില്ല. “അതേ അക്ഷയ് , നമുക്ക് പോകാം.” അഞ്ജലി മെല്ലെ പറഞ്ഞു. ഇന്ന് അവരുടെ വിവാഹമായിരുന്നു. അഞ്ജലി സാമ്പത്തികമായി മുന്നോക്കം നിൽക്കുന്ന ഒരുകുടുംബത്തിലെ കുട്ടിയായിരുന്നു. പഠിക്കാൻ മിടുക്കി ആരെയും ആകർഷിക്കുന്ന വെളുത്ത നീണ്ട മുഖവും നക്ഷത്രം പോലെ തിളങ്ങുന്ന കണ്ണുകളും അവളാരോടും സംസാരിക്കാറില്ല, തികഞ്ഞ അച്ചടക്കം പണ്ടുമുതൽക്കേതന്നേ പാലിച്ചുവന്നിരുന്നു. അവളുടെ കൈകളിലെപ്പോഴും പുസ്തകം കാണുമായിരുന്നു. അത്തരത്തിലുള്ള അവളുടെ ജീവിതത്തിലേക്ക് അസ്ത്രംപോലെ അവൻ കടന്നുവന്നു. ആരെയും ആകർഷിക്കുന്ന സ്വഭാവം അവളിൽ അത്ഭുതമുണർത്തി. ആരോടും അടുക്കാത്ത അവൾ പതിയെ പതിയെ അവനുമായി അടുത്തു. ആദ്യം അത് ഒരു സൗഹൃദമായിരുന്നു. പതിയെ പതിയെ ആ ബന്ധം പ്രണയമായി വളർന്നു. ഒടുക്കം അത് തന്നെ സംഭവിച്ചു.അവന്റെ നിർബന്ധം അവന്റെമാത്രം നിർബന്ധപ്രകാരം വീട്ടുകാരെ വെറുപ്പിച്ച് അവൾ അവനോടൊപ്പം ഇറങ്ങിച്ചെന്നു. "അക്ഷയ് ഇന്ന് നമ്മൾ എവിടെ താമസിക്കും "അവൾ ചോദിച്ചു "എന്റെ സുഹൃത്ത് അവന്റെ ഫ്ളാറ്റ് ശരിയാക്കിതന്നു. കുറച്ചുദിവസം അവിടെകഴിയാം.” അവൻ അവളോട്

പതിഞ്ഞസ്വരത്തിൽ പറഞ്ഞു. "എന്നിട്ടോ? അത് കഴിഞ്ഞോ?"എനിക്കിപ്പോൾ തോന്നുന്ന ഇതൊന്നും വേണ്ടായിരുന്ന എന്റെ അച്ഛനും അമ്മയും ........ ഞാൻ എന്ത് ക്രൂരയായസ്ത്രീയാണ് അവൾ വളരെ ദയനീയസ്വരത്തിൽ അവനോട് പറഞ്ഞു. "അപ്പോൾ ഞാനോ ? നിനക്ക് മാത്രമേ അച്ഛനും അമ്മയും ഉള്ളോ ഞാനാര് ? അനാഥനോ എനിക്കുമുണ്ട് ഇവരെല്ലാം നിനക്ക് വയ്യെങ്കിൽ എങ്ങോട്ടെങ്കിലും പൊയ്ക്കോ "അവന്റെ ക്രോധം കണ്ണുകൾ അവളിൽ പരിഭ്രാന്തി ഉണർത്തി. അവനിൽ പെട്ടെന്നുണ്ടായ ആമാറ്റത്തിൽ അവൾ പേടിച്ചു. അവൾ പതുക്കെ അവനെ പിൻതുടർന്നു. അവിടെ ഒതുക്കിവച്ചിരിക്കുന്ന ഒരു ബൈക്കിന്റെ സമീപം അവന്റെ യാത്ര അവസാനിച്ചു. അവൻ അതിലേക്ക് കയറി. അവൾ പിന്നാലെയും. അവൻ ബൈക്ക് വേഗത്തിൽ ഓടിച്ചു. ആദ്യമായി അവന്റെ ബൈക്കിൽ കയറിയപ്പോൾഅവൾക്ക് പേടി തോന്നി ഈപോക്ക് തന്നെ മരണത്തിലേയ്ക്കാണോ എന്ന ചിന്ത അവളിൽ ഉണർത്തി. അത് കേവലം ഒരു ചിന്ത മാത്രമായിരുന്നില്ല അത് സത്യമായിരുന്നു. ബൈക്ക് ഒരു ഫ്ളാറ്റിന്റെ മുൻപിൽ വന്നു നിന്നു. അവൾ ഇറങ്ങിപിന്നെ അവനും. അവൻ മുന്നിൽ നടന്നു അവൾ പിന്നാലെയും. അവന്റെ നടത്തം വേഗത്തിലാണെന്നും അവൾക്ക് തോന്നി. പെട്ടെന്ന് അവന്റെ ദേഷ്യം ഒന്നാറിയതുപോലെ തോന്നി. അവൻ അവളെ നോക്കി ചിരിച്ചു. അവളിൽ അത് ചെറിയ സമാധാനമുണർത്തി. അവൻ റൂമിൽ ചെന്ന് യാത്ര അവസാനിപ്പിച്ചു. പോക്കറ്റിൽ നിന്നും ചാവിയെടുത്ത് അവൻ മെല്ലെ വാതിൽ തുറന്നു. അവൾ അകത്തേക്ക് കയറിയതും ഞെട്ടിയതും ഒരുമിച്ചായിരുന്നു. റൂമിൽ കുറേ അപരിചിതമുഖങ്ങൾ ആരാണിത് ? അവൾ പേടിയോടെ ചോദിച്ചു. ഇവർ എന്റെ സുഹൃത്തുക്കളാണ്. അവൻ പറഞ്ഞു. ആ കൂട്ടത്തിൽനിന്ന് ഒരു ചെറുപ്പക്കാരനെ ചൂണ്ടികൊണ്ട് പറഞ്ഞു "ഇത് വിവേക് ഇവന്റെ ഫ്ളാറ്റാണിത്. " അവൾ അവന്റെ മുഖത്തേക്ക് നോക്കി ചിരിച്ചു. അവന്റെ കണ്ണുകൾ ക്രൂരതയോടെ തിളങ്ങി. നേരം കുറച്ചൊന്നു വെളുത്തതും അവൾ ഉണർന്നു. ഉണർന്നപാടെ അവൾ ഉറക്കെ കരഞ്ഞു

ഇന്നലത്തെ രാത്രിയെകുറിച്ച് ആലോചിക്കുമ്പോൾ അവൾ കരച്ചിലിന്റെ ഒച്ച കൂട്ടി. താൻ അന്ധമായി വിശ്വസിച്ച തന്നെ ചതിച്ച അക്ഷയ് യുടെ മുഖവും  അവളുടെ അച്ഛനമ്മമാരുടെ മുഖവും അവളിലൊരു മിന്നായം പോലെ മാഞ്ഞു.  തന്റെ ജീവിതത്തിലെ സൂര്യൻ അസ്തമിച്ചതായി അവൾക്ക് തോന്നി. അവളുടെ കണ്ണുനീർ ഒഴുകിക്കൊണ്ടിരുന്നു. ഇനി താൻ  ഈ ഭൂമിയിൽ ജീവിക്കേണ്ടതില്ലെന്ന് അവൾക്ക് തോന്നി.  മറ്റൊന്നും നോക്കാതെ അവൾ ആ ഫ്ളാറ്റിന്റെ ബാൽക്കണിയിൽ നിന്നും താഴേക്ക്.